സർക്കാർ കോളേജുകളിലെ നിയമനം

37(2584) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സൃഷ്ടിച്ചിട്ടുള്ള അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സൃഷ്ടിച്ചിട്ടുള്ള അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്.

പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ പുതിയ തസ്തികകൾ

38 (2585) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണോ യെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയ തസ്തിക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ യെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി & സി) നിലവിലെ രീതിയനുസരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഈ വിഷയത്തിൽ ആവശ്യമാണ്. ടി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജ്

39 (2586) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജ് നിലവിൽ പ്രവർത്തിക്കുന്ന പേട്ട ഗവൺമെന്റ് ഹൈസ്കൂളിൽ മൂപ്പത് വർഷത്തേക്ക് കോളേജ് പ്രവർത്തിക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയും സ്ഥലം എം.എൽ.എ.യും ചേർന്ന് തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly